بسم الله الرحمن الرحيم

# പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## വെള്ളിയാഴ്ച ഖുത്തുബ

*02 March 2012 ~ 08 Rabi'ul Aakhir 1433 Hijri*

## ഹസ്രത്ത് ഖലീഫത്തുല്ല, അൽമസീഹുൽ മൗഊദ് മുനീർ അഹ്മദ് അസീം(അ)

**(വെള്ളിയാഴ്ച ഖുത്തബയുടെ സംഗ്രഹം)**

ലോകമെമ്പാടുമുള്ള തന്റെ അനുയായികളെയും മറ്റെല്ലാ മുസ്ലിംകളെയും സമാധാനത്തിന്റെ അഭിവാദ്യങ്ങൾ അർപ്പിച്ചതിനു ശേഷം ഹസ്രത്ത് മുഹ്യിദ്ദീൻ (atba) തശ്ഹദും തഅവസും, സൂറ ഫാത്വിഹയും ഓതി ഇപ്രകാരം പറഞ്ഞു തുടങ്ങി.

എന്റെ പ്രിയ സഹോദരീ സഹോദരന്മാരെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദഅ്വയുമായി ബന്ധപ്പെട്ട വിഷയം തന്നെ തുടർന്നും സംസാരിക്കുവാൻ എന്റെ നാഥൻ വീണ്ടും എനിക്ക് അവസരം കനിഞ്ഞു നല്കിയിരിക്കുകയാണ്. അൽഹംദുലില്ലാഹ്.

### നമ്മുടെ ഹൃദയങ്ങളെ അസൂയ, വിദ്വേഷം,സംശയം ഇവയിൽ നിന്ന് അകറ്റി നിർത്തൽ

നമ്മുടെ മറ്റു മുസ്ലിം സഹോദരങ്ങൾക്കെതിരിൽ, അസൂയയും, വിദ്വേഷവും സംശയങ്ങളും മനസ്സിൽ സൂക്ഷിക്കുന്നതിൽ നിന്നും നാം തീർച്ചയായും ഒഴിഞ്ഞു നിലക്കേണ്ടത് അത്യന്താപേക്ഷിതമായ ഒരു ഘടകമാണ്. ഒരാവശ്യം വരുമ്പോൾ പരസ്പരം തള്ളിക്കളയരുത്. മുസ്ലിം സഹോദരങ്ങൾക്കിടയിലും, പൊതുവേയും, വിദ്വേഷവും ശത്രുതയും, സൃഷ്ടിക്കുവാൻ ശ്രമിക്കുന്ന സാത്താന്റെ ഉപദ്രവത്തെ മറികടക്കുവാനായാണ് ഇങ്ങനെ പറഞ്ഞിരിക്കുന്നത്. തിരുനബി(സ) പറഞ്ഞിരിക്കുന്നതായി ബുഖാരിയിൽ റിപ്പോർട്ടു ചെയ്തിരിക്കുന്നു. പരസ്പരം വെറുക്കരുത്., പരസ്പരം അസൂയ കാണിക്കുകയും തള്ളിക്കളയുകയും(കയ്യൊഴിയുകയും) ചെയ്യരുത്. പകരം അല്ലാഹുവിന്റെ ദാസന്മാരെ നിങ്ങൾ സാഹോദര്യം പുലർത്തുവിൻ. ഒരു മുസ്ലിം തന്റെ മറ്റൊരു മുസ്ലിംസഹോദരനെ തള്ളിപറയുകയോ, മൂന്നു രാവും പകലും, അവനോടു മിണ്ടാതിരിക്കുകയോ ചെയ്യുന്നത് വിരോധിക്കപ്പെട്ടിരിക്കുന്നു.

### കരുണയും ദയയും.

ദാഈ–ഇലല്ലാഹ്(അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവർ) എന്ന നിലയിൽ നാം നമ്മുടെ സഹോദരങ്ങളോട് ദയയും കരുണയും പ്രകടിപ്പിക്കുവാൻ കടപ്പെട്ടവരായിരിക്കുന്നു. തന്റെ സഹോദരങ്ങളായ മാനവജനതയോടൊട്ടാകെ കരുണയും, ദയയും, പ്രകടിപ്പിക്കുകയും, മറ്റുള്ളവരോട് കരുണ കാട്ടേണ്ടതിന്റെ ആവശ്യകതയെ ബോധ്യപ്പെടുത്തുവാനായി ഉപദേശങ്ങൾ നല്കുകയും ചെയ്ത പ്രവാചകന്റെ ചര്യ അതാണ്.

നാം സദാ ദയയും, കരുണയും ഉള്ളവരായിരിക്കണമെന്ന തിരുനബി(സ)ന്റെ ഉപദേശത്തിൽ നിന്നും നാം മനസ്സിലാക്കേണ്ട ഒരു പ്രധാന വസ്തുത ദഅ്വ ചെയ്യുക എന്നത് നമുക്ക് നിർബന്ധമായ ഒന്നാണ് എന്നതു തന്നെ. ഇസ്ലാമിക അധ്യാപനങ്ങൾ പൂർണ്ണമായും പാലിക്കാത്ത മുസ്ലികളെയും, ഇസ്ലാമിക വിശ്വാസികളായതിന്റെ പേരിൽ നമ്മെ ഉപദ്രവിക്കുകയോ, നമ്മുടെ വീടുകളിൽ നിന്നും പുറത്താക്കുകയോ, ചെയ്യാത്ത ഇസ്ലാമികേതര ജനതങ്ങളെയും, ഇസ്ലാമികാധ്യാപനങ്ങൾ പരിചയപ്പെടുത്തുന്ന വേളകളിൽ തീർച്ചയായും നമുക്ക് മേൽപറഞ്ഞ രണ്ടു സവിശേഷഗുണങ്ങളും ഉണ്ടായിരിക്കണം. വാസ്തവത്തിൽ, അമുസ്ലിം ജനവിഭാഗങ്ങളോട് ഇടപഴകുന്നത് നീതിപൂർവ്വവും, ദയയോടെയും ആയിരിക്കണമെന്ന് അല്ലാഹു നമ്മെ താക്കീതു ചെയ്യുന്നുണ്ട്. സകലജനതയെയും, ഇസ്ലാമിലേക്കു ക്ഷണിക്കുക വഴി നമുക്ക് അവരോട് നമ്മിലുള്ള ദയയെയും, കരുണയെയും, പ്രകടിപ്പിക്കുവാൻ സാധിക്കുന്നതാണ്. സത്യം തിരിച്ചറിഞ്ഞിട്ടും അതിനെ നിരസിക്കുകയും, ജീവിതത്തിൽ പകർത്തുവാൻ വിസമ്മതിക്കുകയും ചെയ്യുന്ന. വരെ കാത്തിരിക്കുന്ന ഭയാനകമായ നരകശിക്ഷാ നടപടികളെക്കുറിച്ച് നാമവരെ ഉണർത്തണം.

## ഇസ്ലാമികാധ്യാപനങ്ങൾ സ്വായത്തമാക്കുവാൻ കാണിക്കേണ്ട താത്പര്യം

ദാഈ–ഇലല്ലാഹ് എന്ന നിലയിൽ നാം ഇസ്ലാമികാധ്യാപനങ്ങൾ നന്നായി മനസ്സിലാക്കിയവർ ആയിരിക്കണം. ഖുർ ആനിലെയും, സുന്നത്തിലെയും അറിവുകൾ കരസ്ഥമാക്കുന്നതിൽ സദാ തത്പരരായിരിക്ക ണം. ഇത് നമുക്ക് നിർബന്ധമാണ്. കാരണം തിരുമേനി(സ) വിദ്യ സ്വായത്തമാക്കേണ് ടതിന്റെ ആവശ്യക തയെപ്പറ്റി നമ്മെ ഓർമ്മിപ്പിക്കുന്നു. നബി(സ) പറഞ്ഞിരിക്കുന്നു. ഒരു വിശ്വാസി തനിക്കു ലഭിച്ച അറിവു കൊണ്ടു മാത്രം തൃപ്തിയടയാതെ തന്റെ മരണം വരെയും അറിവു നേടിക്കൊയേിരിക്കുന്നവനായിരിക്കും.(തിർമി ദി).

ഇസ്ലാമിനെപ്പറ്റി ആഴത്തിൽ പഠിച്ച് അറിവു കരഗതമാക്കുകയാണ് നമ്മുടെ കടമ. ഖുർ ആനും, സുന്നത്തും മനസ്സിലാക്കുവാനായി മുസ്ലിംകൾ ഉൾപ്പെട്ടിട്ടുള്ള സകലജനങ്ങളെയും നിങ്ങൾ ക്ഷണിക്കണം. ഇസ്ലാമിനെക്കുറിച്ച് അതിന്റെ യഥാർത്ഥ ഉറവിടത്തിൽ നിന്ന് പഠിക്കുക എന്നത് വാസ്തവത്തിൽ അവരുടെ ഗുണത്തിന് വേണ്ടി തന്നെയാണ്. ഇസ്ലാമിനെ മോശപ്പെടുത്തുന്ന ലേഖനങ്ങളും, മറ്റും എഴുതുന്നതിൽ നിന്നും അകന്നു നില്ക്കുകയും ചെയ്യേണ്ടതാണ്. ഇഹപരലോകങ്ങളിൽ വിജയം വരിക്കുവാനായി അല്ലാഹുവിന്റെ പ്രീതി ലഭിക്കുന്ന തരത്തിലുള്ള അറിവുകൾ സ്വായത്തമാക്കുവാൻ അറിവ് ദഅവ ചെയ്യുവാനായി ഉപയോഗ പ്പെടുത്തണം. കാരണം ഇസ്ലാമിനായി ചെയ്യുന്ന ഈ ആത്മാർത്ഥ സേവനത്താൽ അല്ലാഹു നമ്മിൽ തൃപ്തനാ വുകയും, നമുക്ക് അവന്റെ പ്രീതി ലഭിക്കുകയും ചെയ്യും. ഈ അറിവ് മറ്റേതെങ്കിലും സ്വാർത്ഥ താത്പര്യ ങ്ങൾക്കോ, മറ്റോ ഉപയോഗിക്കരുത്.

## ദൃഢമായ അറിവിന്റെ ബലത്തിൽ ജനങ്ങളെ അല്ലാഹുവിന്റെ ഏകത്വത്തിലേക്ക്(തൗഹീദിലേക്ക്) ക്ഷണിക്കൽ

ദാഈ–ഇലല്ലാഹ് എന്ന നിലയിൽ നാം വളർത്തിയെടുക്കേണ്ട മറ്റൊരു ഗുണവിശേഷം സത്യ വും, ദൃഢവുമായ ഇസ്ലാമികാധ്യാപനങ്ങളുടെ പിൻബലത്താൽ ജനങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുക എന്നതാണ്. ഇതിനായി വിശുദ്ധ ഖുർആനും തിരുസുന്നത്തും ശരിയായി പഠിക്കണം. അങ്ങനെ സത്യം മറ്റു ള്ളവരിലേക്ക് പകർന്നു നല്കുവാൻ നമുക്ക് കഴിയണം. അറിവിന്റെ ദൃഢമായ ഒരടിത്തറ ഉണ്ടായിരുന്നതിനാ ലാണ് തിരുമേനി(സ) ക്ക് സത്യം മറ്റുള്ളവർക്ക് വിജയകരമായി പകർന്നു നല്കാനായത്.

പറയുക ഇത് എന്റെ മാർഗമാണ്. ഔചിത്യബോധത്തോടുകൂടി ഞാനും എന്നെ പിന്തുടരുന്ന വരും അല്ലാഹുവിലേക്ക് (ജനങ്ങളെ) ക്ഷണിക്കുന്നു. ഞാൻ അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. ഞാൻ ബഹുദൈവ വിശ്വാസികളിൽപ്പെട്ടവനല്ല.(12:109)

തനിക്കുമുന്നെ വന്ന പ്രവാചകന്മാരെയും, ദൂതന്മാരെയും പോലെ തന്നെ, തിരുനബി(സ) യും ജനങ്ങളെ അല്ലാഹുവിന്റെ ഏകത്വത്തിലേക്ക് ക്ഷണിച്ചു. അല്ലാഹു വി:ഖുർ ആനിൽ പറഞ്ഞിരിക്കുന്നു. പറയു ക, ഓ, മനുഷ്യരെ, സത്യമായും നിങ്ങളിൽ എല്ലാവരിലേക്കും നിയുക്തനായ അല്ലാഹുവിന്റെ ദൂതനാണ് ഞാൻ. ആകാശങ്ങളുടെയും, ഭൂമിയുടെയും, ആധിപത്യം അവനുള്ളതാണ്. അവനല്ലാതെമറ്റൊരു ആരാധ്യനുമില്ല. അ വൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുക(അ തോടാപ്പം തന്നെ) അല്ലാഹുവിലും. അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന നിരക്ഷര പ്രവാചകനായ അവന്റെ ദൂതനിലും (വിശ്വസിക്കുക). നിങ്ങൾ നേർമാർഗ്ഗം പ്രാപിക്കുന്നതിനായി അദ്ദേഹത്തെ പിന്തുടരുകയും, ചെയ്യു ക.(7:159)

പറയുക,തീർച്ചയായും ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്.(പക്ഷേ) നിങ്ങ ളുടെ ആരാധ്യൻ ഒരേയൊരു ആരാധ്യൻ മാത്രമാണെന്ന് എനിക്കു സന്ദേശം നല്കപ്പെടുന്നു. അതിനാൽ ഏതൊ രാൾ തന്റെ നാഥനം കണ്ടുമുട്ടുന്നതിന് ആഗ്രഹിക്കുന്നുവോ, അയാൾ സത്കർമ്മങ്ങൾ ചെയ്തു കൊള്ളട്ടെ. അവൻ തന്റെ നാഥനെ ആരാധിക്കുന്ന കാര്യത്തിൽ ആരേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യട്ടെ.(18:111)

പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ പറയുക, അവൻ അല്ലാഹു ആകുന്നു; ഏകൻ. അല്ലാഹു സർവ്വാധിനാഥനാണ്. (സ്വാശ്രയനും എല്ലാവരാലും ആശ്രയിക്കപ്പെടുന്നവനുമാ കുന്നു) അവൻ സന്താനോല്താപാദനം ചെയ്തിട്ടില്ല. അവൻ ആരുടെയും (സന്താനമാ യി) ഉത്പാദിപ്പിക്കപ്പെ ട്ടിട്ടുമില്ല. അവനു സമനായി ആരും തന്നെയില്ല.(112:1–5)

മേൽപ്പറഞ്ഞ പ്രകാരമുള്ള മൂന്നു വിഭാഗം തൗഹീദുകളാണ് നാം മുസ്ലിമിതര വിഭാഗക്കാരെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന വേളയിൽ വിശദമാക്കി നല്കേണ്ടത്. ഒന്നാമത്തേത് തൗഹീദ്–അൽ റുബ്ബൂബിയത്ത് ആണ്. ഇത് ചൂണ്ടികാട്ടുന്നത് അല്ലാഹുവിന്റെ ദിവ്യത്വത്തിന്റെ ഏകതയെയാണ്. അല്ലാഹു ഒരേയൊരു റബ്ബാണ്, അതായത് ഈ കണ്ട പ്രപഞ്ചത്തെയാകമാനം സൃഷ്ടിച്ച്, അതിന്റെ നിലനിൽപ്പിനാലശ്യമായ സൗകര്യങ്ങൾ ചെയ്ത് ജീവൻ സൃഷ്ടിച്ച്, അതിന്റെ ഏർപ്പാടുകൾ കൃത്യമായി നിയന്ത്രിച്ച് മാനവരാശിയെ അവരുടെ എല്ലാ സ്ഥിതിവിശേഷങ്ങളിലും വേണ്ടത് വേണ്ടപ്പോൾ മറ്റാരുടെയും അപേക്ഷയോ ആജ്ഞയോ, കൂടാതെ സ്വയമറിഞ്ഞ് പകർന്നു നല്കുന്ന സർവ്വശക്തനും, സർവ്വാധിപനുമായ അല്ലാഹു.

രണ്ടാമത്തേത്, തൗഹീദ്–അൽ ഉലൂഹിയത്ത് ആകുന്നു. ഇത് സൂചിപ്പിക്കുന്നത് നമ്മുടെ ആർധനയ്ക്കർഹനായ ഒരേയൊരുവൻ അല്ലാഹു മാത്രമാണ്. എന്നാകുന്നു. അവനെ മാത്രം ആരാധിക്കുവാനായി മനുഷ്യരെയും, ജിന്നുകളെയും, സൃഷ്ടിച്ചത് അവനാകുന്നു. അല്ലാഹു അല്ലാതെ മറ്റാരും ആരാധനയ്ക്കർഹനല്ല. അല്ലാഹുവിന്റെ നിയമങ്ങളനുസരിച്ച് നാം ചെയ്യുന്ന ഓരോ പ്രവർത്തിയും ആരാധനയുടെ ഭാഗമാണ്. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചു കൊണ്ട് മാത്രമായിരിക്കണം ഇങ്ങനെ നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും.

മൂന്നാമത്തേത് തൗഹീദ് അൽ അസ്മാ വസ്സിഫത്ത് ആകുന്നു. ഇത് ചൂണ് ടുന്നത് വി:ഖുർആനിലെയും ഹദീസുകളിലും കാണപ്പെടുന്ന പ്രോജ്ജലങ്ങളായ പേരുകൾക്കും ഗുണനാമങ്ങൾക്കും അർഹനായി അല്ലാഹു മാത്രമേയുള്ളൂ എന്ന സത്യത്തിലേക്കാണ്. സർവ്വസ്തുതിയും അല്ലാഹുവിനു മാത്രമാകുന്നു. അവന്റെ മനോഹരങ്ങളായ പേരുകളും, ഗുണവിശേഷങ്ങളും പങ്കുവെക്കുവാൻ അർഹനായി മറ്റാരുമില്ല. ഇസ്ലാമിലെ തൗഹീദിലുള്ള വിശ്വാസം എന്നത്, യുക്തിപൂർവ്വം ചിന്തിക്കുന്ന ഏതൊരു വ്യക്തിയെ സംബന്ധിച്ചിടത്തോളം, അങ്ങേയറ്റം യുക്തിസഹമായ ആശയം തന്നെയാണ്. ഇതിന്റെ കാരണം വളരെ ലളിതമായി മനസ്സിലാക്കാവുന്നതേയുള്ളൂ. ഈ പ്രപഞ്ചത്തിൽ രണ്ടോ അതിലധികമോ, ദൈവങ്ങളുണ്ടായിരുന്നുവെങ്കിൽ അധികാരത്തിനായി പോരടിക്കുന്ന ദൈവങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങളാൽ ഈ പ്രപഞ്ചം സദാ കലുഷിതമായിരുന്നേനെ.

അല്ലാഹു പറയുന്നു:–

അവയിൽ (ആകാശഭൂമികളിൽ) അല്ലാഹുവല്ലാതെ മറ്റു ദൈവങ്ങളും ഉണ് ടായിരുന്നുവെങ്കിൽ അത് രണ്ടും നശിച്ചു പോകുമായിരുന്നു. അതിനാൽ സിംഹാസനത്തിന്റെ നാഥനായ അല്ലാഹു അവർ വിവിരിക്കുന്നതിൽ നിന്ന് പരിശുദ്ധനാകുന്നു.

ആയതിനാൽ, മുസ്ലിമിതര ജനങ്ങളെ ദഅ്വ ചെയ്യുന്ന വേളയിൽ നാമവരെ വ്യക്തമായി പറഞ്ഞു മനസ്സിലാക്കേണ്ട വസ്തുത ഇതാണ്. അതായത് അവർ അല്ലാഹുവിന്റെ ഏകത്വത്തിൽ അടിയുറച്ചു വിശ്വസിക്കുന്നില്ലാ എങ്കിൽ അല്ലാഹു അവരെ മാർഗദർശനം ചെയ്യുന്നതല്ല. അവന്റെ ഏകത്വത്തിൽ അടിയുറച്ചു വിശ്വസിക്കാതെ, അവനു പങ്കുകാരെ വയ്ക്കുന്നവരോടൊപ്പം കൂടുകയോ, അവനോടൊപ്പം മറ്റുള്ള പങ്കാളികളെ കൂട്ടുകയോ ചെയ്യുന്ന പക്ഷം അവരുടെ നല്ല പ്രവർത്തികൾ പോലും, നിഷ്ഫലമായി പോകുന്നതുമായിരിക്കും.

അല്ലാഹു വി: ഖുർആനിൽ 6–ാം അധ്യായം 89–ാം വചനത്തിൽ ഇസ്ലാമിലേക്കുള്ള ക്ഷണം സ്വീകരിക്കുകയും, പശ്ചാത്തപിച്ച് അവനിലേക്ക് തിരിയുകയും, ചെയ്യുന്നത് അവരുടെ തന്നെ മോക്ഷ പ്രാപ്തിക്കു വേണ്ടിയാണെന്ന് പറയുന്നു. അവർ അല്ലാഹുവിന് പങ്കുകാരെവെക്കുന്നതിൽ നിന്നും ഒഴിഞ്ഞുനിൽക്കണം. അവന് പങ്കുകാരെ കൂട്ടുന്നതൊഴികെയുള്ള ഏതു തെറ്റുകളും, അവൻ പൊറുത്ത് മാപ്പാക്കിത്തരുന്നതാണ്. അവൻ പറയുന്നു. തീർച്ചയായും അല്ലാഹു തന്നോട് (മറ്റൊന്നിനെയും) പങ്കുചേർക്കുന്നത് പൊറുത്തു കൊടുക്കുകയില്ല.. അതിനു പുറമേയുള്ളതിനെ താനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുന്നതാണ്. ഏതൊരാൾ അല്ലാഹുവിനോട് വല്ലതിനെയും പങ്കുചേർക്കുന്നുവോ, നിശ്ചയമായും കടുത്ത പാപമാണ് അവൻ കെട്ടിച്ചമക്കുന്നത്.

## സത്യത്തിന്റെ ഉറവിടങ്ങൾ എന്ന നിലയിൽ വി:ഖുർ ആനുമായും സുന്നത്തുമായും ഉള്ള അദമ്യമായ അടുപ്പം.

സത്യന്വേഷണത്തെ പ്രേരിപ്പിക്കുന്ന എല്ലാ സന്ദർഭങ്ങളും നമ്മൾ പ്രയോജനപ്പെടുത്തണം. നാം അല്ലാഹുവിന്റെ ഗ്രന്ഥവും, അവന്റെ ദൂതരുടെ ഹദീസുകളും, വാഗ്ദത്ത മസീഹിന്റെ യും, (അ) വാഗ്ദത്ത പരിഷകർത്താവിന്റെയും, ഗ്രന്ഥങ്ങൾ വായിച്ചു മനസ്സിലാക്കണം മുസ്ലിമിതര ജനവിഭാഗങ്ങൾക്ക് ഇസ്ലാമിക

സത്ത വ്യക്തമായി മനസ്സിലാക്കി കൊടുക്കുവാൻ സഹായിക്കുന്ന ഉപകരണങ്ങളാകുന്നു അവ. മുസ്ലിംകൾക്കും, മുസ്ലിംമിതര ആളുകൾക്കും, സത്യന്വേഷണത്തിന്റെ ആവശ്യകതെപ്പറ്റി മനസ്സിലാക്കി ക്കൊടുക്കേണ്ട്ത് അത്യാവശ്യം വേണ്ട ഒന്നാണ്. നാം അവരോടു പറയുവാൻ പോകുന്ന കാര്യങ്ങൾ വി:ഖുർ ആനും, സുന്നത്തും അനുസരിച്ചുള്ളതാണ് എന്ന് അവർക്ക് വ്യക്തമാക്കി നല്കണം.

എന്തുകൊണ്ടാണ് വി:ഖുർആൻ അല്ലാഹുവിൽ നിന്നുള്ള ദിവ്യവെളിപാടുകളെയതെന്നും, തിരുമേനി(സ) യുടെ ചര്യയെ പിന്തുടരേണ്ടതിന്റെ ആവശ്യകത എന്താണെന്നും നാം അവർക്ക് വിശദീകരിച്ചു നല്കണം. മാനവരാശിക്കുള്ള ഉത്തമ മാർഗദർശനം ഖുർആനും, സുന്നത്തും ഹദീസും, നല്കുന്നു എന്നവർ തിരിച്ചറിയണം.വി:ഖുർ ആനിലെ ദിവ്യവെളിപാടുകളുടെ ചില ഭാഗങ്ങളിൽ നാം സംശയം വെച്ചു പുലർത്തുകയാണെങ്കിൽ നാം യഥാർത്ഥ വിശ്വാസികൾ അല്ല. അവയുടെ ഏതെങ്കിലും ഭാഗങ്ങൾ നാം തിരസ്കരിക്കുകയാണെങ്കിൽ അതിന്റെ ശിക്ഷ പരലോകത്ത് നാം അനുഭവിക്കുകയും ചെയ്യുന്നതാണ്. അല്ലാഹു നമുക്ക് താക്കീതു നല്കുന്നു. ''അപ്പോൾ നിങ്ങൾ ഗ്രന്ഥത്തിൽ നിന്നു ചില ഭാഗം വിശ്വസിക്കുകയും, ചിലത് അവിശ്വസിക്കുകയുമാണോ ചെയ്യുന്നത്.''(2:86)

മുസ്ലിമിതര വിഭാഗങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന വേളയിൽ നാമവരോട് വിശദമാക്കി നല്കേണ്ട വസ്തുത മാനവരാശിക്ക് മാർഗദർശനം നല്കുവാൻ സഹായിക്കുന്ന ഒരേയൊരു സമഗ്ര ഗ്രന്ഥം വിശുദ്ധ ഖുർ ആൻ മാത്രമാണ് എന്നതാണ്. നമ്മുടെ സ്രഷ്ടാവ് ആ ഗ്രന്ഥം അവതരിപ്പിച്ചത് സത്യമതവും മാർഗ്ഗദർശനവുമായി മറ്റുമതങ്ങളുടെ മേൽ ആധിപത്യം സ്ഥാപിച്ച് നിലനിർത്തുവാനായാണ്.

ദഅ്വയുമായി ബന്ധപ്പെട്ട ഇന്നത്തെ വിഷയം ഞാനിവിടെ അവസാനിപ്പിക്കുകയാണ്. അടുത്ത വെള്ളിയാഴ്ചയും, ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിങ്ങളുമായി സംസാരിക്കുവാനുള്ള അറിവും, അവസരവും അവനെനിക്കു നല്കുമാറാകട്ടെ. ഇൻശാ അല്ലാഹ് ആമീൻ.

*Translated by: Fauzia Jamal*

*Issued by: R. Jamaludin Raother, Amir*
*Jamaat Ul Sahih Al Islam Kerala*
*Email: jamal.raother@gmail.com*
*Website: http://www.jamaat-ul-sahih-al-islam.com*